

ലേഖനം

●

എം.സി.എ നാസർ

# ബാബരിധ്വംസനത്തിന്റെ ഒന്നര വ്യാഴവട്ടം; നീതിനിഷേധത്തിന്റെയും

▪ ജസ്റ്റിസ് ലിബർഹാൻ



**അയോധ്യയിൽ** ബാബരിമസ്ജിദ് ധ്വംസനം നടന്ന് ഒന്നര വ്യാഴവട്ടം തികയുമ്പോഴാണ് ലിബർഹാൻ റിപ്പോർട്ടിന്റെ രംഗപ്രവേശം. പള്ളി പൊളിച്ച് പത്തുനാൾക്കകം രാജ്യത്തിന് റാവു നൽകിയ സാന്ത്വനമായിരുന്നു ഈ അന്വേഷണം.

സ്വതന്ത്ര ഇന്ത്യ കണ്ട ഏറ്റവും ദീർഘിച്ച കാലയളവിൽ തയാറാക്കിയ അന്വേഷണ റിപ്പോർട്ടെന്ന പ്രത്യേകതയും ലിബർഹാന് സ്വന്തം. 48 തവണയാണ് വിവിധ സർക്കാറുകൾ കാലാവധി നീട്ടിക്കൊടുത്തത്. ലോകാവസാനം വരെ പറ്റുമെങ്കിൽ എല്ലാ സാങ്കേതികതകളും മറന്ന് കലാവധി നീട്ടിക്കൊടുക്കാനും തയാറാകുമായിരുന്നു. ഭരണാധികാരത്തിൽ വരുന്ന പലരുടെയും ഉറക്കം കെടുത്തുന്ന ഘടകങ്ങൾ ഉൾച്ചേർന്നതിനാൽ അതിന് മറയിടാൻ ഏറ്റവും നല്ലത് ഇടപെടാതിരിക്കുക എന്നതു തന്നെയാണ്. റാവുവിൽനിന്ന് പകർന്നുകിട്ടിയ ഈ തന്ത്രം അയോധ്യാ പ്രശ്നത്തിലുടനീളം കോൺഗ്രസ് കാത്തുസൂക്ഷിച്ചു

**വാജ്പേയിയും അദ്വാനിയും ഉൾപ്പെടെ ബാബരിധ്വംസനത്തിൽ നേരിട്ടു പങ്കാളിത്തം വഹിച്ച 68 പ്രതികളുടെ പേരുവിവരം കമീഷൻ റിപ്പോർട്ടിലുണ്ട്. ഇവർക്കെതിരെ ചുരുങ്ങിയ പക്ഷം നിയമ നടപടി ത്വരിതപ്പെടുത്താനെങ്കിലും കോടതിയോട് നിർദേശിക്കാമായിരുന്നു. എന്നാൽ അതുപോലും ഉണ്ടായില്ല. 68 പേരെ മാത്രമല്ല നൂറുകണക്കിന് ക്രിമിനലുകളായ കർസേവകരുടെ വിവരങ്ങളും ലിബർഹാൻ പരാമർശിച്ചിരുന്നു. എന്നാൽ ആർക്കെതിരെയും ഒരു നടപടിയും വേണ്ടതില്ലെന്നായിരുന്നു നേരത്തേയുള്ള(ആസൂത്രിത) തീരുമാനം.**

---

എന്നതും സത്യം. അതുകൊണ്ടാണ് ജൂൺ മാസം റിപ്പോർട്ട് കൈയിൽ കിട്ടിയിട്ടും വായിച്ചു നോക്കാതെ സുരക്ഷിതമായി മാറ്റിവെച്ചത്. അയോധ്യയിൽ ആറു പതിറ്റാണ്ടായി തുടരുന്ന പ്രഹസന നാടകത്തിന്റെ മറ്റൊരു പകർപ്പായിരുന്നു റിപ്പോർട്ട് അവതരണം. പാർലമെന്റ് സമ്മേളനം അവസാനിക്കുന്നതിനു തൊട്ടു തലേന്നോ മറ്റോ റിപ്പോർട്ട് സഭക്കു മുമ്പാകെ വെച്ച് തടിയൂരുക എന്നതായിരുന്നു കേന്ദ്ര തന്ത്രം. എന്നാൽ റിപ്പോർട്ട് ചോർന്നതോടെ തീരുമാനം മാറ്റി. കമീഷൻ റിപ്പോർട്ടിനൊപ്പം കേന്ദ്രത്തിന്റെ നടപടി റിപ്പോർട്ടും വെക്കേണ്ടതുണ്ടായിരുന്നു. അത് തട്ടിക്കൂട്ടിയ ഒന്നാണെന്ന് വളരെ വ്യക്തം. ശരിക്കും ചടങ്ങുതീർക്കൽ.

വാജ്പേയിയും അദ്വാനിയും ഉൾപ്പെടെ ബാബരിധ്വംസനത്തിൽ നേരിട്ടു പങ്കാളിത്തം വഹിച്ച 68 പ്രതികളുടെ പേരുവിവരം കമീഷൻ റിപ്പോർട്ടിലുണ്ട്. ഇവർക്കെതിരെ ചുരുങ്ങിയ പക്ഷം നിയമ നടപടി ത്വരിതപ്പെടുത്താനെങ്കിലും കോടതിയോട് നിർദേശിക്കാമായിരുന്നു. എന്നാൽ അതുപോലും ഉണ്ടായില്ല. 68 പേരെ മാത്രമല്ല നൂറുകണക്കിന് ക്രിമിനലുകളായ കർസേവകരുടെ വിവരങ്ങളും ലിബർഹാൻ പരാമർശിച്ചിരുന്നു. എന്നാൽ ആർക്കെതിരെയും ഒരു നടപടിയും വേണ്ടതില്ലെന്നായിരുന്നു നേരത്തേയുള്ള(ആസൂത്രിത) തീരുമാനം. ദേശീയോദ്ഗ്രഥന കമീഷന് സ്റ്റാറ്റ്യൂട്ടറി പദവി നൽകണമെന്ന സുപ്രധാന നിർദേശം പോലും സർക്കാറിന് സ്വീകാര്യമായില്ല. 13 പേജ് വരുന്ന നടപടി റിപ്പോർട്ടിലുടനീളം 'അംഗീകരിക്കുന്നു', 'സ്വീകരിക്കുന്നു', 'കണക്കിലെടുക്കുന്നു' തുടങ്ങിയ സാങ്കേതിക സംജ്ഞകൾ കാണാം. ചില ഭാഗങ്ങളിൽ ഭരണതല നടപടികൾ മെച്ചപ്പെടുത്തുമെന്ന ഉറപ്പുണ്ട്. മറ്റു ചിലേടങ്ങളിൽ ഭാവിയിൽ സർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ബില്ലുകളെ കുറിച്ചു പറയുന്നുണ്ട്. ചുരുക്കത്തിൽ കാര്യങ്ങളൊക്കെ ഇപ്പോൾ തന്നെ ഭദ്രമാണെന്നും കാതലായ മാറ്റങ്ങളോ പരിഷ്കരണങ്ങളോ ഒന്നും തൽക്കാലം വേണ്ടതില്ലെന്നുമാണ് നടപടി റിപ്പോർട്ട് ലിബർഹാനെ ഉണർത്തുന്നത്.

അതേ സമയം റിപ്പോർട്ട് കേന്ദ്രം സ്വീകരിച്ച ഇരട്ടത്താപ്പിനെയും തുറന്നുകാട്ടുന്നു. രാഷ്ട്രീയ ആർജവം കലർന്ന ഒരു നടപടിയെങ്കിലും എന്തുകൊണ്ട് ഉണ്ടായില്ല എന്ന ചോദ്യം സംഗതമാണ്. പക്ഷേ, മതേതരത്വത്തോടുള്ള പ്രതിബദ്ധത പ്രസംഗത്തിനപ്പുറം രാഷ്ട്രീയ നടപടികളിൽ ഉൾച്ചേർക്കാൻ ഇനിയും കോൺഗ്രസിന് സാധിച്ചില്ലെന്നു കൂടിയാണ് ഇതു തെളിയിക്കുന്നത്.

മൂന്ന് നൂറ്റാണ്ടിലധികം ആരാധന നടന്നുവന്ന ബാബരിമസ്ജിദ് ഒരുകൂട്ടം ക്രിമിനലുകൾ സംഘടിത ശക്തി ഉപയോഗിച്ച് തകർത്തെറിയുമ്പോഴും കണ്ടത് ഇതേ

ദൗർബല്യം തന്നെയായിരുന്നു. വർഗീയശക്തികൾ ശക്തിപ്രാപിച്ച ഘട്ടത്തിൽ മാത്രമല്ല അതു സംഭവിച്ചത്. അവരുടെ സ്വാധീനം അത്രയൊന്നും ശക്തമല്ലാത്ത ഇന്നും അകാരണമായ ഭീതിയുടെ പുറത്ത് മൗനം നടിക്കാനോ സാധിക്കുമെങ്കിൽ ബാബ്‌രിമസ്ജിദ് എന്ന പേരു പോലും പരാമർശിക്കാതെ ഉൾവലിയാനോ ആണ് ഈ ദേശീയവാദികൾ ശ്രമിക്കുന്നത്. കോൺഗ്രസ്സിൽ വിവിധ ഘട്ടങ്ങളിൽ പ്രകടമായ ഈ വികാരം പാർട്ടിയുടെ ജനിതക ദൗർബല്യം കൂടിയാണെന്ന് അയോധ്യാ ചരിത്രം നമ്മെ ഓർമിപ്പിക്കുകയും ചെയ്യുന്നു.

എന്നാൽ ഇരകളുടെ പേരിൽ രൂപംകൊണ്ട രാഷ്ട്രീയ കൂട്ടായ്മകൾ പോലും അധികാരത്തോട് ചേർന്നു നിൽക്കുന്നു എന്ന ഒറ്റ കാരണത്താൽ മൗനം നടിക്കുകയാണ്. ലിബർഹാൻ റിപ്പോർട്ട് പുറത്തുവന്നതിന്റെ കോളിളക്കത്തിൽ നിവർന്നു നിന്ന് തങ്ങളുടെ സ്വത്വശബ്ദം അവർ പുറപ്പെടുവിക്കുമെന്ന് കരുതിയതും തെറ്റി. പതിനേഴ് കൊല്ലം കഴിഞ്ഞ് ലിബർഹാൻ റിപ്പോർട്ട് പുറത്തിറക്കിയ കേന്ദ്ര സർക്കാറിനെ വാഴ്ത്തുന്നതിന്റെ തിരക്കായിരുന്നു അവിടെ കണ്ടത്.

ഭരണവർഗവും കോടതികളും ഉദ്യോഗസ്ഥ വൃന്ദവും മാധ്യമങ്ങളും ചേർന്ന് ന്യൂനപക്ഷ വിഭാഗത്തോട് ചെയ്ത അരുതായ്മകളുടെ നാൾവഴികളാണ് ആയിരത്തിലേറെ പേജ് വരുന്ന ലിബർഹാൻ കമീഷൻ റിപ്പോർട്ട്. എന്നാൽ ഇതിന്റെ പ്രകട ന്യൂനതകളിലൊന്ന്, തൂക്കമൊപ്പിക്കാനുള്ള വ്യഗ്രതയിൽ അത് ഇരകളെയും വർഗീയവാദികളെയും ഒരേ പോലെ തുലനം ചെയ്യാൻ ശ്രമിക്കുന്നു എന്നതാണ്. ഇരു വർഗീയതകളും ചെറുക്കപ്പെടണമെന്ന പൊതു പ്രസ്താവനയിൽ നിഴലിടുന്ന അസന്തുലിത സമീപനം തന്നെയാണ് അറിഞ്ഞോ അറിയാതെയോ കമീഷൻ പിൻപറ്റുന്നത്. സമുദായ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ മുസ്‌ലിം നേതൃത്വം കാര്യമായൊന്നും ചെയ്തില്ല എന്നു പറയുമ്പോൾ അവരുടെ കൈവശം അധികാരമോ സ്വാധീനമോ സംഘടിത പിൻബലമോ ഉണ്ടായിരുന്നില്ലെന്ന ലളിതസത്യം കമീഷൻ കാണാതെ പോയി.

പള്ളി പൊളിക്കാൻ ഇറങ്ങിത്തിരിച്ച വർഗീയവാദികളുടെ അവസ്ഥ ഇതായിരുന്നില്ല. അവർക്ക് കൃത്യമായ അജണ്ടയും താൽപര്യങ്ങളും ഉണ്ടായിരുന്നു. പരസ്യമായി തന്നെ അവർ രംഗത്തുവന്നു. എന്നാൽ കേന്ദ്രാധികാരം കൈയിലുള്ള കോൺഗ്രസ് ചെയ്തത് പതിയിരുന്നുള്ള കടന്നാക്രമണമായിരുന്നു. ന്യൂനപക്ഷ മുദ്രകളുടെ സംരക്ഷണം ജീവൻ നൽകിയും തങ്ങൾ സംരക്ഷിക്കുമെന്ന് എല്ലാ അനുരഞ്ജന ചർച്ചാ വേദികളിലും ഭരണകൂടം ഉറക്കെ പ്രഖ്യാപിച്ചതാണ്. എന്നാൽ തൊട്ടടുത്ത നിമിഷം വലതുപക്ഷ വോട്ടുബാങ്കിൽ പങ്കാളിത്തം ഉറപ്പാക്കാനുള്ള വ്യഗ്രതയിൽ അവർ നടത്തിയ കൂട്ടുകച്ചവടവും പുലർത്തിയ മൗനവും തന്നെയാണ് 1992 ഡിസംബർ ആറിന് പള്ളി തകരാൻ വഴിയൊരുക്കിയ പ്രധാന ഘടകം. കമീഷൻ അക്കാര്യം പറയുന്നില്ലെങ്കിലും നിരീക്ഷണങ്ങളിൽനിന്ന് കാര്യം സ്പഷ്ടമാണ്.

നെഹ്റുവും രാജീവ് ഗാന്ധിയും പുലർത്തിയ അർഥഗർഭമായ രാഷ്ട്രീയ മൗനത്തിന്റെ തുടർച്ചയാണ് കുറേക്കൂടി തന്ത്രപരമായി റാവു ഉൾക്കൊണ്ടതും നടപ്പാക്കിയതും. റാവു തെലുങ്കൻ ആണെന്നു മാത്രമല്ല, ഗാന്ധി കുടുംബത്തിന്റെ ഭാഗവുമല്ല. അതുകൊണ്ട് അദ്ദേഹത്തെ വേണമെങ്കിൽ തള്ളിപ്പറയുന്നതിൽ കോൺഗ്രസ്സുകാർക്ക് പ്രശ്നമില്ല. ഗാന്ധി കുടുംബത്തിന്റെ പിന്മുറക്കാരൻ രാഹുൽ ഗാന്ധി കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പു വേളയിൽ നടത്തിയ പരാമർശം ഒരർഥത്തിൽ റാവുനിന്ദയുടെ പ്രത്യക്ഷ തെളിവ് തന്നെയായിരുന്നു. 'ഗാന്ധി കുടുംബത്തിൽനിന്നുള്ള ആരെങ്കിലുമായിരുന്നു പ്രധാനമന്ത്രി പദത്തിലെങ്കിൽ ബാബരിമസ്ജിദ് അവിടെ



■ വി.പി സിംഗ്



■ മുലായം സിംഗ് യാദവ്

**നിരപരാധികളുടെ ചോരപ്പാടുകൾ മാത്രമല്ല വഞ്ചനയുടെയും അധാർമികതയുടെയും കറുത്ത പാടുകളുമാണ് കാവിസംഘത്തെ തീണ്ടുന്നത്. ഭരണകൂടം നിശ്ശബ്ദമായിരുന്നിടത്ത്, കോടതികൾ നിസ്സഹായമാകുന്നിടത്ത്, മാധ്യമങ്ങൾ പക്ഷം ചേരുന്നിടത്ത് പ്രതീക്ഷകൾ ബാക്കി നിർത്താൻ നമുക്കറിയാത്ത മറ്റേതോ ചില ഘടകങ്ങൾ കൂടിയുണ്ടെന്ന് അയോധ്യാനന്തര സംഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു.**

---

ത്തന്നെ കാണുമായിരുന്നു'– ഇതായിരുന്നു ആ പ്രതികരണം. രാജീവിന്റെ കൊച്ചുമോൻ നടത്തിയ റാവുനിന്ദക്കെതിരെ ഒരൊറ്റ കോൺഗ്രസ്സുകാരന്റെയും നാവ് പൊങ്ങിയില്ല. അതങ്ങനെയാണ്. അധികാരത്തിനും ഗാന്ധി കുടുംബത്തിനുമപ്പുറം അവർ പലതും കേൾക്കില്ല, കാണില്ല.

നരസിംഹ റാവുവിനെ തീർത്തും കുറ്റവിമുക്തനാക്കുന്നു എന്നതാണ് ലിബർഹാൻ കമീഷന്റെ ഏറ്റവും വലിയ ദൗർബല്യം. മൂന്ന് കാരണങ്ങളാണ് റാവുസംരക്ഷണ വാദത്തിന് തെളിവായി ലിബർഹാൻ ചൂണ്ടിക്കാട്ടുന്നത്. ഒന്ന്: കാര്യങ്ങൾ തന്റെ കൈപ്പിടിയിൽനിന്ന് തെന്നി മാറുമെന്ന് റാവു ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. രണ്ട്: കല്യാൺസിംഗിനെ പിരിച്ചുവിട്ട് യു.പിയിൽ പ്രസിഡന്റ് ഭരണം ഏർപ്പെടുത്തിയാൽ അത് ഫെഡറൽ സംവിധാനത്തെ ദുർബലപ്പെടുത്തുമായിരുന്നു. മൂന്ന്: കേന്ദ്ര സർക്കാറിന്റെ പങ്ക് അന്വേഷിക്കാൻ ആരും കമീഷനെ ചുമതലപ്പെടുത്തിയിട്ടില്ല.

കൊള്ളാം! കാച്ചിക്കുറുക്കിയതാണ് നിരീക്ഷണം. എന്നാൽ കമീഷൻ റിപ്പോർട്ടിലൂടെ കണ്ണോടിക്കുന്ന ആർക്കും അറിയാമായിരുന്നു വർഗീയസംഘടനകളുടെ പള്ളി പൊളിച്ചിടാനുള്ള ആസൂത്രിത നീക്കം. 1992 നവംബറിൽ തന്നെ പൊളിക്കൽ പ്രക്രിയ ആരംഭിച്ചുവെന്നതിന് റിപ്പോർട്ടിൽ ധാരാളം തെളിവുണ്ട്. അയോധ്യയിലെ മുസ്‌ലിം മുദ്രകളോടുള്ള അലർജിയാണ് അവിടെയുള്ള ശവകുടീരങ്ങൾ തകർക്കാനും ശ്മശാനങ്ങൾ കൈയേറാനും നേതാക്കളെ ആക്രമിക്കാനും പ്രേരിപ്പിച്ചത്.

ഇന്റലിജൻസ് വിഭാഗം നൽകിയ റിപ്പോർട്ടുകളും മസ്ജിദ്ധ്വംസന സാധ്യത ശരിവെക്കുന്നു. എന്നിട്ടും റാവുവിന്റെ പ്രതീക്ഷകൾ തെറ്റിയെന്ന നിഗമനം എങ്ങനെ സാധൂകരിക്കപ്പെടും?

നിരുപദ്രവകരമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി നിരവധി സംസ്ഥാന സർക്കാറുകളെ പിരിച്ചുവിട്ട പാരമ്പര്യമുള്ള പാർട്ടിയാണ് കോൺഗ്രസ്. 1992–ൽ പൊടുന്നനെ ഫെഡറൽ സംവിധാനത്തോടുള്ള താൽപര്യം പാർട്ടിക്കുണ്ടായി എന്നു പറഞ്ഞാൽ വിശ്വസിക്കാൻ ബുദ്ധിമുട്ടാണ്. മൂന്നാമത്തെ നിരീക്ഷണം സത്യസന്ധമാണ്. കേന്ദ്രസർക്കാർ നിയോഗിച്ച കമീഷന്റെ അധികാരപരിധി ശുഷ്കം തന്നെയാണ്. ബാബരിമസ്ജിദ് തകർക്കുന്നതിനിടയാക്കിയ കാരണങ്ങളും സംഭവങ്ങളും മാത്രമാണ് കമീഷന്റെ അധികാര ചുമതല. ഭരണകൂടങ്ങളുടെ കള്ളക്കളികളിലേക്ക് കൂടി പരിധി നീണ്ടിരുന്നെങ്കിൽ മറ്റൊരു പതിനേഴ് കൊല്ലം കൂടി ന്യായമായും വേണ്ടിവരുമായിരുന്നു.

വാജ്പേയി ഉൾപ്പെടെയുള്ള നേതാക്കളുടെ മിതവാദമുഖം കപടമായിരുന്നുവെന്ന് തെളിവുകളും പ്രമാണങ്ങളും ഉദ്ധരിച്ച് ലിബർഹാൻ സമർഥിക്കുന്നു. റിപ്പോർട്ട് പുറത്തു വന്ന ശേഷം മാധ്യമങ്ങൾക്കു നൽകിയ അഭിമുഖത്തിൽ, ഒരു സ്ഥാപനത്തിന്റെ ജയാപചയങ്ങൾക്ക് അതിന്റെ മാനേജിംഗ് ഡയറക്ടർക്ക് പൂർണ ഉത്തരവാദിത്വമുണ്ടെന്നും ലിബർഹാൻ നിരീക്ഷിച്ചു. ബി.ജെ.പിയുടെ ദേശീയ നേതാവ് എന്ന നിലക്കും ആർ.എസ്.എസ്സുമായി നിരന്തര ബന്ധം പുലർത്തുന്ന ആൾ എന്ന നിലക്കും വാജ്പേയി കുറ്റക്കാരൻ തന്നെയാണെന്ന വിലയിരുത്തൽ ശരിയാണ്. ഇവിടെ കൂട്ടുത്തരവാദിത്വം തന്നെയാണുണ്ടായത്.

റിപ്പോർട്ട് പുറത്തു വന്ന ശേഷം നടന്ന പ്രതികരണങ്ങളും ശ്രദ്ധേയം. അശോക് സിംഗാൾ, കല്യാൺ സിംഗ്, വിനയ് കത്യാർ, ഉമാഭാരതി എന്നിവർ തങ്ങളുടെ ചെയ്തിയെ തീർത്തും ന്യായീകരിക്കുകയായിരുന്നു. റിപ്പോർട്ട് സഭയിൽ വെച്ച ഘട്ടത്തിൽ മുദ്രാവാക്യം വിളിച്ചുകൊണ്ട് അതിനെ അംഗീകരിക്കാനും ബി.ജെ.പി നിര മറന്നില്ല. അയോധ്യ അടഞ്ഞ അധ്യായമല്ലെന്നും ക്ഷേത്ര നിർമാണ നടപടികളുമായി ഇനിയും മുന്നോട്ടുപോകുമെന്ന സൂചനകളും വി.എച്ച്.പി നേതൃത്വം നൽകുന്നുണ്ട്.

1949–ൽ ഫൈസാബാദ് ഭരണകൂടവുമായി ഒത്തുകളിച്ച് വർഗീയവാദികൾ ബാബരി പള്ളിയിൽ വിഗ്രഹം പ്രതിഷ്ഠിച്ചതോടെ തുടങ്ങിയതാണ് ആസൂത്രണം. ഇക്കാര്യം സ്വന്തം നിലക്കുള്ള നിരീക്ഷണങ്ങൾ ഇല്ലാതെ തന്നെ ലിബർഹാൻ വരച്ചിടുന്നുണ്ട്. അതിലൂടെ ഒരു രാജ്യത്തിനും അതിന്റെ മതേതര ഘടനക്കും സംഭവിച്ച ക്ഷതങ്ങൾ ലിബർഹാൻ വരച്ചിടുന്നു. രാഷ്ട്രീയവും മതവും കൂടിച്ചേർന്നതിന്റെ അപകടകരമായ പരിണാമഗുപ്തിയും തുറന്നു കാട്ടുന്നു. അന്യായമായി സംഭരിച്ച കോടികളുടെ പോക്കുവരവുകളെ കുറിച്ച് ആശങ്ക ഉയർത്തുന്നു എന്നതാണ് മറ്റൊരു പ്രത്യേകത. നിയമങ്ങളും വ്യവസ്ഥകളും ചട്ടങ്ങളുമൊക്കെ ഒരുപറ്റം ക്രിമിനലുകളുടെ അരങ്ങേറ്റത്തിനു മുന്നിൽ എത്രമാത്രം ദയനീയമായി തോറ്റു കൊടുക്കുന്നു എന്നതിന്റെ ശരിയായ നഖചിത്രങ്ങളും റിപ്പോർട്ടിനെ സമ്പന്നമാക്കുന്നു.

വി.പി സിംഗ്, മുലായം, ലാലു എന്നിവർ കാണിച്ച ആർജവവും മതേതര സമൂഹം ഉയർത്തിപിടിച്ച ഇഛാശക്തിയും ലിബർഹാൻ ഉദാഹരിക്കുന്നുണ്ട്. ഭാവി ഇന്ത്യയുടെ കെട്ടുറപ്പിനും ഐക്യത്തിനും വേണ്ടി ഒട്ടേറെ നിർദേശങ്ങൾ കമീഷൻ മുന്നോട്ടുവെക്കുന്നു. എന്നാൽ നാലു മാസത്തിലേറെ റിപ്പോർട്ട് കൈയിൽ വെച്ചിട്ടും നടപടിയൊന്നും നിർദേശിക്കാൻ കേന്ദ്രത്തിനു കഴിഞ്ഞില്ല എന്നത് വലിയൊരു

**ഭരണവർഗവും കോടതികളും ഉദ്യോഗസ്ഥ വൃന്ദവും മാധ്യമങ്ങളും ചേർന്ന് ന്യൂനപക്ഷ വിഭാഗത്തോട് ചെയ്ത അരുതായ്മകളുടെ നാൾവഴികളാണ് ആയിരത്തിലേറെ പേജുകൾ വരുന്ന ലിബർഹാൻ കമീഷൻ റിപ്പോർട്ട്. എന്നാൽ ഇതിന്റെ പ്രകട ന്യൂനതകളിലൊന്ന്, തൂക്കമൊപ്പിക്കാനുള്ള വ്യഗ്രതയിൽ അത് ഇരകളെയും വർഗീയവാദികളെയും ഒരേ പോലെ തുലനം ചെയ്യാൻ ശ്രമിക്കുന്നു എന്നതാണ്.**

---

വീഴ്ച തന്നെയാണ്. അതോടെ കോടികൾ ചെലവിട്ട് ഏകാംഗ കമീഷൻ നടത്തിയ വെളിപ്പെടുത്തലുകളും നിർദേശങ്ങളും ഫലപ്രാപ്തിയിൽ എത്താതെ പോവുന്നു എന്നതാണ് ഏറ്റവും സങ്കടകരം.

വാജ്പേയിയെ പോലുള്ള നേതാവിനെ കുറ്റപ്പെടുത്തിയത് ഒട്ടും ശരിയായില്ലെന്നാണ് അദ്വാനി പറഞ്ഞത്. തന്റെ ജീവിതത്തിലെ ഏറ്റവും ദുഃഖകരമായ സംഭവമായി ഡിസംബർ ആറിനെ വിലയിരുത്താനും അദ്ദേഹം തയാറായി. അതേസമയം അയോധ്യാ മൂവ്മെന്റുമായി ബന്ധപ്പെടാൻ കഴിഞ്ഞതിൽ നിറഞ്ഞ സംതൃപ്തിയുണ്ടെന്നും ഭാവിയിലും അതുമായി സഹകരിക്കുമെന്നും അദ്വാനി തീർത്തു പറഞ്ഞു. ഇവിടെയും രാഷ്ട്രീയ അജണ്ടക്കു തന്നെയാണ് മുൻതൂക്കം.

പക്ഷേ, ഒന്നുണ്ട്. നിയമപരമായ ശിക്ഷാ നടപടികളേക്കാൾ മാനസിക തളർച്ച സൃഷ്ടിക്കുന്ന പല സംഭവങ്ങൾക്കും പ്രതികൾ കുറഞ്ഞ കാലത്തിനുള്ളിൽ ഇരകളായി എന്നത് നാം കാണാതെ പോകരുത്. ഹിന്ദുരാഷ്ട്രം സ്ഥാപിക്കാൻ കൊട്ടും കുരവയുമായി ഇറങ്ങിത്തിരിച്ചവർക്കാണ് ഈ ഗതികേട്. കല്യാൺ സിംഗും ഉമാഭാരതിയും മാത്രമല്ല അദ്വാനി വരെ സ്വന്തക്കാരാൽ തിരസ്കരിക്കപ്പെടുകയായിരുന്നു. മുലായം സിംഗ് കൂടി തള്ളിപ്പറഞ്ഞതോടെ കല്യാൺസിംഗിന്റെ ദുരന്തം പൂർണമായി. 'വല്ലാതെ അപമാനിക്കപ്പെട്ടു' എന്നാണ് കല്യാൺസിംഗ് കഴിഞ്ഞ ദിവസം മനസ് തുറന്നത്. 'ഏക് ദക്കാ ഓർ ദോ, ബാബ്‌രി മസ്ജിദ് തോഡ് ദോ' എന്ന് ജോഷിയുടെ ചുമലിൽ കൈ ചുറ്റി കർസേവകർക്കു മുമ്പിൽ ആവേശം കൊണ്ട ഉമാഭാരതിക്കും പറയാനുള്ളത് അപമാനത്തിന്റെ കഥകൾ തന്നെ.

ഭാവി പ്രധാനമന്ത്രിയായി ഉയർത്തി കാട്ടിയ അദ്വാനിയെ 'പഴയ അച്ചാർ' എന്നാണ് സഹപ്രവർത്തകരിൽ ഒരാൾ നിന്ദിച്ചത്. സജീവ രാഷ്ട്രീയത്തിൽ നിന്നു തന്നെ അദ്വാനിയെ മാറ്റിനിർത്താൻ ബി.ജെ.പിയിൽ ചർച്ച നടക്കുന്നു. ശങ്കർ സിംഗ് വഗേലയും ജസ്വന്ത് സിംഗും കാവിസംഘത്തിൽനിന്ന് ബഹുദൂരം അപ്പുറത്താണ്. സോമനാഥിൽനിന്ന് അദ്വാനിക്കൊപ്പം രഥയാത്ര ആരംഭിച്ച പ്രമോദ് മഹാജൻ സ്വസഹോദരനാൽ കൊല്ലപ്പെടുകയായിരുന്നു. വിനയ് കത്യാർ ഉൾപ്പെടെ പലരും സജീവ രാഷ്ട്രീയത്തിൽനിന്ന് തൂത്തെറിയപ്പെട്ടു. വ്യക്തികളിൽ മാത്രമല്ല ഈ തിരിച്ചടി. തൊണ്ണൂറുകളിൽ വർഗീയതയുടെ വൻതിരമാലയായി ഉയർന്നുവന്ന സംഘ് പരിവാർ സംഘടനകളും സ്വന്തം ജനങ്ങളാൽ ഇതേ അപമാനം തന്നെയാണ് ഏറ്റുവാങ്ങുന്നത്. പള്ളി പൊളിക്കാൻ പരിശീലനം സിദ്ധിച്ച ക്രിമിനലുകളെ അയോധ്യയിലേക്ക് അയച്ചത് ബാൽതാക്കറെയുടെ ശിവസേനയായിരുന്നു. പത്തു വർഷമായി മഹാരാഷ്ട്രയിൽ അധികാരത്തിന് പുറത്താണ് ആ പാർട്ടി. പരിഹാസ്യമായ അന്തഃഛിദ്രകൾ ശിവസേനയെ തളർത്തിയിരിക്കുന്നു. ബി.ജെ.പി വിതച്ച സ്വപ്നങ്ങൾ അവർക്കും കൊയ്യാൻ കഴിഞ്ഞില്ല. സ്വന്തം തട്ടകമായ ഉത്തർപ്രദേശിൽ അടുത്തിടെ

നടന്ന ഉപതെരഞ്ഞെടുപ്പിൽ പലേടങ്ങളിലും നാലാം സ്ഥാനത്തേക്ക് പാർട്ടി വലിച്ചെറിയപ്പെടുകയായിരുന്നു. നിരപരാധികളുടെ ചോരപ്പാടുകൾ മാത്രമല്ല വഞ്ചനയുടെയും അധാർമികതയുടെയും കറുത്ത പാടുകളുമാണ് കാവിസംഘത്തെ തീണ്ടുന്നത്. ഭരണകൂടം നിശ്ശബ്ദമായിരുന്നിടത്ത്, കോടതികൾ നിസ്സഹായമാകുന്നിടത്ത്, മാധ്യമങ്ങൾ പക്ഷം ചേരുന്നിടത്ത് പ്രതീക്ഷകൾ ബാക്കി നിർത്താൻ നമുക്കറിയാത്ത മറ്റേതോ ചില ഘടകങ്ങൾ കൂടിയുണ്ടെന്ന് അയോധ്യാനന്തര സംഭവങ്ങൾ പഠിപ്പിക്കുന്നു. ■

nazermca@gmail.com